## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2040 05/05/17-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷംമുതൽ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുവാനുള്ള സ്റ്റൈപ്പന്റ് തുക കൊടുത്തുതീർക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിന് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ വിദ്യാർത്ഥികളുടെ ക്ലെയിം സ്ഥാപനത്തിൽ നിന്നും യഥാസമയം തന്നെ ഫോർവേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപനമേധാവികൾക്കുംനൽകിയിട്ടുണ്ട്. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വകുപ്പിലേയും സ്ഥാപനങ്ങളിലേയും ഇ-ഗ്രാന്റ്സ് കൈകാര്യംചെയ്യുന്ന ജീവനക്കാർക്ക് സ്കോളർഷിപ്പ് സംബന്ധിച്ച് ഏകദിന ശിൽപ്പശാല ജില്ലാടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്.<br><br>പ്രീമെട്രിക് വിദ്യാഭ്യാസം ചെയ്യുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും 5 മാസത്തെ സ്റ്റൈപ്പന്റും ഉൾപ്പെടെ ഒന്നാം ഗഡു ജൂൺ മാസം മുതലും ബാക്കി 5 മാസത്തെ സ്റ്റൈപ്പന്റ് രണ്ടാം ഗഡുവായി നവംബർ മാസം മുതലും അതാത് സ്ഥാപന മേധാവികൾ മുഖാന്തിരം നൽകുന്നതിന് മുൻകാലങ്ങളിലേതു പോലെ 2017-18 അദ്ധ്യയന വർഷവും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>പോസ്റ്റ് മെട്രിക് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ്സ് മുഖേന വിതരണം ചെയ്യുന്നതിന് 2017-18 അദ്ധ്യയന വർഷവും മുൻകാലങ്ങളിലേതു പോലെ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം കുട്ടികൾക്ക് നൽകിയിട്ടുണ്ട്; ഇതിൽ ചെലവഴിക്കാത്തത് എത്ര കോടി രൂപയാണെന്നു കൂടി അറിയിക്കാമോ? | ബി) | **2016-17 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് നേരിട്ട് വിദ്യാഭ്യാസാനുകൂല്യഇനത്തിൽ(സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീ, എക്സാം ഫീ, ഹോസ്റ്റൽ ഫീ, പോക്കറ്റ് മണി മുതലായവ) നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.**<br>കുട്ടികൾക്ക് നൽകിയത് - 328,96,40,000/-രൂപ<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>(എ) പോസ്റ്റ് മെട്രിക് വിഭാഗം<br><br>ആകെ അനുവദിക്കപ്പെട്ടത്-31,30,00,000/-രൂപ<br>വിതരണം ചെയ്തത്- 29,73,60,060/-രൂപ<br>ചെലവഴിക്കാത്തത് - 1,56,39,940/-രൂപ<br><br>(ബി) പ്രീ-മെട്രിക് വിഭാഗം<br><br>ആകെഅനുവദിച്ചത്-16,50,00,000/-രൂപ<br>ചെലവഴിച്ചത് -16,45,71,671/-രൂപ<br>ശേഷിക്കുന്നത് -4,28,329/-രൂപ<br><br>(സി) പ്രീ-മെട്രിക് വിഭാഗം (കേന്ദ്ര വിദ്യാഭ്യാസാനുകൂല്യം)<br><br>ആകെ അനുവദിച്ചത്-5,00,00,000/-രൂപ<br>ചെലവഴിച്ചത് - 3,78,16,550/-രൂപ<br>ശേഷിക്കുന്നത്-1,21,83,450/-രൂപ |

**സെക്ഷൻ ഓഫീസർ**